മുമ്പിൽ ഉള്ളതുകൊണ്ട് ആ പ്രശ്നം ഇപ്പോഴും പ്രാവർത്തികമാക്കാൻ പ്രയാസമാണെന്നായിരുന്നു ഉടമസ്ഥൻമാരുടെ വാദം. അവസാനം തൊഴിലാളികളും ഈ വാദം ശരിവച്ചുകൊണ്ട് ട്രിബ്യൂണലിന്റെ തീരുമാനത്തിനു ശേഷം അതു നടപ്പിൽ വരുത്താൻ മാനേജുമെന്റിനു ബാദ്ധ്യതയുള്ളതുകൊണ്ട് അതു വന്നതിനുശേഷം നടപ്പിൽ വരുത്തിയാൽ മതിയെന്ന് ജീവനക്കാർ സമ്മതിച്ചു.

മറ്റൊരു പ്രശ്നം ഉണ്ടായിരുന്നത് ഇൻറിം വേജസാണ്. ജീവനക്കാർ ആവശ്യപ്പെട്ടിരുന്നത് 150 രൂപ ഇൻറിം വേജ് ഇൻക്രീസ് വേണമെന്നുള്ളതായിരുന്നു. പത്രം ഉടമകളും 50 രൂപ നൽകാമെന്നു പറഞ്ഞിരുന്നു. ഈ കാര്യത്തിൽ ഒരു ഒത്തുതീർപ്പുണ്ടാകാൻ ഇരുഭാഗത്തും ഞാൻ സമ്മർദ്ദം ചെലുത്തി. അവസാനമായി മാനേജുമെൻറ് പ്രതിനിധികളും പറഞ്ഞത് എല്ലാ പത്രങ്ങൾക്കും ഒരുപോലെ ഈ ഇൻറിം വേജ് ബാധകമാക്കാൻ പ്രയാസമാണെന്നാണ്. ഓരോ പത്രത്തിന്റെയും സാമ്പത്തിക ഭദ്രതയും പത്രത്തിന്റെ ആദായവും എല്ലാം കണക്കിലെടുത്തുകൊണ്ട് നോക്കുമ്പോൾ ചെറിയ പത്രത്തിനും വലിയ പത്രത്തിനും ഒരുപോലുള്ള വർദ്ധനവു നൽകാൻ പ്രയാസമാണെന്നാണ് പറഞ്ഞത്. ഉദാഹരണമായി, ദേശാഭിമാനി പത്രം ഇതു നടപ്പിൽ വരുത്തുകയാണെങ്കിൽ എട്ടുലക്ഷത്തോളം രൂപ അവർക്ക് ഇതുമൂലം കൊടുക്കേണ്ടതായി വരുമെന്ന് മനസ്സിലാക്കാൻ സാധിച്ചു. അതുകൊണ്ട് ഞാൻ ജീവനക്കാരോടും ഉടമസ്ഥൻമാരോടും എല്ലാം പറഞ്ഞിരുന്നത് അതാതു പത്ര ഉടമകളും അവരുടെ ജീവനക്കാരും ബൈലാറ്ററലായി സംസാരിച്ചുകൊണ്ട് ഒരു തീരുമാനത്തിൽ എത്തുന്നതായിരിക്കും നല്ല പോംവഴിയെന്നാണ്. അവർ സഹകരിക്കുകയും ബൈലാറ്ററലായി ചർച്ചകളും നടന്നുവരികയുമാണ്. മലയാള മനോരമയിലെ പ്രശ്നം അവരുടെ ജീവനക്കാരുമായി സംസാരിച്ച് ഒത്തുതീർപ്പിലെത്തിയിട്ടുണ്ട്. കേരള കൗമുദിയിലെ ജീവനക്കാർ ഗവൺമെൻറിനെ അറിയിച്ചിരിക്കുന്നത് അവർക്ക് കോൺഫെഡറേഷനിലെ അംഗത്വമില്ല, അതുകൊണ്ട് ഈ കോൺഫറൻസിൽ അവർ സംബന്ധിക്കുന്നില്ല, ഞങ്ങളും ഞങ്ങളുടെ മാനേജുമെൻറുമായി കൂടിയാലോചിച്ച് ഒത്തുതീർപ്പിലെത്തിക്കൊള്ളാം എന്നാണ്. അങ്ങനെ അവർ ഒത്തുതീർപ്പിലെത്തിയിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. മാതൃഭൂമിയിലെ പ്രശ്നം പരിഹരിക്കാൻ സാധിക്കത്തക്കവണ്ണം ഈ 31-ാം തീയതി ഞാൻതന്നെ ഒരു കോൺഫറൻസ് വിളിച്ചുകൂട്ടുന്നുണ്ട്. ആ കോൺഫറൻസിൽവച്ച് ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നാണ് ഞാൻ വിശ്വസിക്കുന്നത്. മാതൃഭൂമിയെപ്പോലെ വളരെയധികം സർക്കുലേഷനുള്ള ഒരു ദേശീയദിനപ്പത്രം കുറെ നാളായി നിറുത്തേണ്ടിവന്നത് വളരെ ഖേദമുള്ള ഒരു കാര്യമാണ്. ഏതായാലും 31-ാം തീയതിയിലെ കോൺഫറൻസിൽവച്ച് പ്രശ്നം പരിഹരിക്കാൻ ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ആത്മാർത്ഥമായ പരിശ്രമം നടത്തുമെന്ന കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്.

III. 'ഹമുക്ക്' എന്ന പദപ്രയോഗം സംബന്ധിച്ച് ചെയറിന്റെ റൂളിംഗ്

ശ്രീ. കണിയാപുരം രാമചന്ദ്രൻ: സർ, ബഹുമാനപ്പെട്ട ചെയറിൽ നിന്ന് ഈ സഭക്ക് ഒരു റൂളിംഗ് കടമായിക്കിടക്കുകയാണ്; ഇഷ്ടദാനത്തിന്റെ ചർച്ചയിലേക്ക് കടക്കുന്നതിനുമുമ്പ് ആ റൂളിംഗ് ഇഷ്ടദാനമായി കിട്ടിയാൽ കൊള്ളാം.

മി. സ്പീക്കർ: 'ഹമുക്ക്' എന്ന പദപ്രയോഗം സംബന്ധിച്ച റൂളിംഗ് അല്ലേ? ആ വാക്കിന്റെ അർത്ഥം 'വിവേകമില്ലാത്തവൻ' എന്നേ

LIBRARY ARCHIVES Kerala Legislative Assembly

യുള്ളു. അതാണെങ്കിൽക്കൂടി മറ്റൊരു തെറ്റായ അർത്ഥം വ്യാഖ്യാനിക്കത്തക്ക പ്രയോഗമായതുകൊണ്ട് അത്തരം പദങ്ങളും ബഹുമാനപ്പെട്ട അംഗങ്ങളും സഭയിൽ പ്രയോഗിക്കാതിരിക്കാൻ സൂക്ഷിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കണിയാപുരം രാമചന്ദ്രൻ: സർ, 'ഹമുക്ക്' എന്നു മാത്രമല്ല 'ബഹുമാനപ്പെട്ട പട്ടി', 'ബഹുമാനപ്പെട്ട തെണ്ടി', 'ബഹുമാനപ്പെട്ട ഇരപ്പാളി' 'ബഹുമാനപ്പെട്ട ട—പ്രയോഗങ്ങളും', 'ബഹുമാനപ്പെട്ട മ—കാരപ്രയോഗങ്ങളും തുടങ്ങി പലതും വരുന്നുണ്ട്. അതുകൊണ്ട് അതേപ്പറ്റി എനിക്കൊരു നിർദ്ദേശം വയ്ക്കാനുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ചേമ്പറിൽ വന്നാൽ.....

ശ്രീ. കണിയാപുരം രാമചന്ദ്രൻ: സർ, ബസിൽ, "പുകവലി പാടില്ല, കൈയും തലയും പുറത്തിടരുത്" എന്നെഴുതിവച്ചിട്ടുള്ളതുപോലെ ഞങ്ങളും പ്രയോഗിക്കാൻ പാടില്ലാത്ത പദങ്ങളും എന്താണെന്നുള്ളതിന് ഒരു പട്ടിക തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ അങ്ങ് ശ്രദ്ധിക്കുമോ എന്നറിഞ്ഞാൽക്കൊള്ളാം.

മി. സ്പീക്കർ: അത് പ്രയാസമാണ്.

ശ്രീ. എം. വി. രാഘവൻ: ഈമാതിരി വാക്കുകളും ചെവിക്ക് പുറത്താണ് പറയേണ്ടത്.

മി. സ്പീക്കർ: ഓർഡർ, ഓർഡർ, ലെജിസ്ലേറ്റീവ് ബിസിനസ്, ശ്രീ. ബേബി ജോൺ.

IV. നിയമനിർമ്മാണകാര്യം

1979-ലെ കേരള ഭൂപരിഷ്ക്കരണ (ഭേദഗതി) ബിൽ—(തുടർച്ച)

ശ്രീ. ബേബിജോൺ: സർ, സ്നേഹവാൽസല്യത്തിന്റെ പേരിൽ വസ്തു കൈമാറ്റം ചെയ്യുന്ന വകുപ്പിനെക്കുറിച്ചാണ് ഞാൻ ഇന്നലെ സംസാരിച്ചത്. 1960-ലെ ആക്ടിൽ അതുണ്ടായിരുന്നു എന്നു പറഞ്ഞുകൊണ്ട് അതിന്റെ പ്രസക്തഭാഗവും ഞാൻ ഇന്നലെ വായിച്ചു. സർ, അന്ന് എന്റെ കക്ഷിയോ ഞാനോ ആ നിയമസഭയിൽ ഇല്ലായിരുന്നു. അതുകൊണ്ട് ഞങ്ങളുടെ അഭിപ്രായം എന്തായിരുന്നു എന്നു പറയാൻ സാധിക്കുകയില്ല. പക്ഷേ ഈ ബിൽ പൈലറ്റ് ചെയ്ത അവികേന്ദ്ര കമ്മ്യൂണിസ്റ്റ് പാർട്ടി നേതൃത്വത്തിന് അനിയന്ത്രിതമായി ഗിഫ്റ്റ് നൽകുന്ന വ്യവസ്ഥ വേണമെന്നുദ്ദേശമില്ലായിരുന്നു എന്ന് ഈ അവസരത്തിൽ പറയാതിരുന്നാൽ അത് എന്നോടുതന്നെ കാണിക്കുന്ന ഒരു നീതികേടായിരിക്കുമെന്നുള്ളതുകൊണ്ടാണ് ഞാനിതു പറയുന്നത്. പല സമ്മർദ്ദങ്ങളുടെയും ഫലമായിട്ടാണ് 1960-ലെ ആക്ടിൽ അങ്ങനെയൊരു വകുപ്പ് ഉണ്ടായത്. ബാഹ്യപ്രേരണകൾ എന്തുതന്നെയായാലും ഞാനതിലേക്ക് കടക്കുന്നില്ല. ആ ബിൽ സെലക്ട് കമ്മിറ്റിയിൽ വന്നപ്പോൾ പല മാറ്റങ്ങളും വന്നു. അന്ന് പ്രസിദ്ധീകരിച്ച ബില്ലിലെ പ്രസക്തഭാഗം ഞാൻ വായിക്കാം.

Clause 53.—as introduced by the then Revenue Minister Smt. K. R. Gouri.

LIBRARY ARCHIVES Kerala Legislative Assembly